## ഫോറം നമ്പർ 7
## [ചട്ടം 18(1), നിയമം 11(1) കാണുക]
## വിജ്ഞാപനം.

നമ്പർ. C1-323/18.

പത്തനംതിട്ട.

തീയതി: 18/11/2021

2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ടും ചട്ടങ്ങളും അനുസരിച്ച് ഭൂമി പൊന്നു വിലയ്ക്ക് എടുക്കുന്നതിനുവേണ്ടി പത്തനംതിട്ട ജില്ലാ കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് 04/12/2015 – ലെ ജി. ഒ (ആർ. റ്റി) 649/2015/RD ഉത്തരവ് പ്രകാരം കേരളാ ഗവൺമെന്റ് പത്തനംതിട്ട എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും,

പൊന്നുംവില നടപടികളുടെ ഭാഗമായുള്ള പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി ഗവൺമെന്റ് പത്തനംതിട്ട ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറെ നിയമിച്ചിരിക്കുന്നതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ പറയുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്. അതായത്, പത്തനംതിട്ട ജില്ല മല്ലപ്പള്ളി താലൂക്ക് മല്ലപ്പള്ളി വില്ലേജിൽ പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാൻ ഇടയുണ്ടെന്നോ ഗവൺമെന്റിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ, തന്മൂലം, ബന്ധപ്പെട്ട എല്ലാവർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, അവകാശ ചട്ടങ്ങൾ സെക്ഷൻ 11(1) പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, അവകാശ ചട്ടങ്ങൾ എന്നിവ പ്രകാരം പൊന്നും വിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ അവരുടെ തടസ്സങ്ങൾ എഴുതിയ പ്രസ്താവന നിലമെടുപ്പ് ഓഫീസറായ പത്തനംതിട്ട എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. നിശ്ചിത തീയതിയ്ക്കുശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും, പ്രസ്താവനകളും, പൊന്നുവില നടപടികൾക്ക് എതിരെ ഉള്ള തടസ്സവാദങ്ങൾ എന്താണെന്ന് വ്യക്തമായി വിശദീകരിക്കാത്ത ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്തം താഴെ പ്രതിപാദിക്കുന്നു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

## പട്ടിക.

### ജില്ല - പത്തനംതിട്ട.

താലൂക്ക് - മല്ലപ്പള്ളി. വില്ലേജ് - മല്ലപ്പള്ളി.

(ഉദ്ദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ക്രമ നമ്പർ | ബ്ലോക്ക് നം. | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) ച.മീ. | ഏത് ആവശ്യത്തിന് | വസ്തു ഉടമസ്ഥൻ മാറി താമസിക്കുന്നതിനുള്ള കാരണം | ഭൂമിയുടെ കൈവശക്കാരുടെ വിവരം |
|---|---|---|---|---|---|---|---|
| 1 | 28 | 295/9 | പുരയിടം | 0.0064 | പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണം. | ഇല്ല | കീഴ്വായ്പൂർ മുറിയിൽ താഴത്തേടത്ത് തോമസ് മകൻ കുര്യൻ. |
| 2 | 28 | 297/2 | പുരയിടം | 0.0100 | | ഇല്ല | കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ടി കരയിൽ മുണ്ടക്കയം മുറിയിൽ കൊക്കോടത്ത് വീട്ടിൽ പി.സി.അലക്സാണ്ടർ മകൻ രാജീവ് അലക്സാണ്ടർ. |
| 3 | 29 | 350/13 | പുരയിടം | 0.0146 | | ഇല്ല | പെരിങ്ങര വില്ലേജിൽ കാരയ്ക്കൽ മോഹനാലയം വീട്ടിൽ ഗോപിനാഥൻ മകൻ എം.ജി.ചന്ദ്രബാബു. |
| 4 | 29 | 350/15, 350/15-1, 350/15-2 | പുരയിടം | 0.0260 | | ഇല്ല | തോട്ടപ്പുഴശ്ശേരി വില്ലേജിൽ മാരാമൺ മുറിയിൽ ആറങ്ങോട്ട് വീട്ടിൽ എ.പി.ചാക്കോ മകൻ സാം ജേക്കബ്. |
| 5 | 29 | 351/3 351/3-1 | പുരയിടം | 0.0046 | | ഇല്ല | മല്ലപ്പള്ളി വില്ലേജിൽ പരിയാരം മുറിയിൽ പാറയ്ക്കൽ ആയ കീച്ചേരി വീട്ടിൽ കെ.ഐ.ഫിലിപ്പ് മകൻ തോമസ് പാറയ്ക്കൽ ഫിലിപ്പ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | 29 | 351/5<br><br>351/5-1<br><br>351/5-2 | പുരയിടം | 0.0551 | | ഇല്ല | തോട്ടപ്പുഴശ്ശേരി വില്ലേജിൽ മാരാമൺ മുറിയിൽ ആറങ്ങോട്ട് വീട്ടിൽ എ.പി.ചാക്കോ മകൻ സാം ജേക്കബ് |

ആകെ വിസ്തീർണ്ണം-0.1167 ഹെക്ടർ

## സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്തം.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ മല്ലപ്പള്ളി പഞ്ചായത്തിലെ കീഴ്വായ്പൂര്,പരിയാരം എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് മണിമലയാറിന് കുറുകെ പാലം നിർമ്മിക്കുവാനും അങ്ങനെ ഗതാഗത സൌകര്യം വർദ്ധിപ്പിക്കുന്നതിനും അവശ്യസേവന ലഭ്യത സുഗമമാക്കുന്നതിനും വേണ്ടിയാണ് പാറക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പൊന്നുംവില നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നത്. ആയതിലേക്കായി മല്ലപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 28 ൽ 295/9,297/2 എന്നീ റീസർവ്വേ നമ്പരുകളിൽ നിന്നും 0.0164 ഹെക്ടറും ബ്ലോക്ക് നമ്പർ 29 ൽ 350/13,350/15,350/15-1,350/15-2,351/3,351/3-1,351/5,351/5-1,351/5-2 എന്നീ റീസർവ്വേ നമ്പരുകളിൽ നിന്നും 0.1003 ഹെക്ടറും ഉൾപ്പെടെ ആകെ 0.1167 ഹെക്ടർ ഭൂമി (ഉദ്ദേശ വിസ്തീർണ്ണം) ആണ് RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കേണ്ടി വരുന്നത് . ടി പദ്ധതിയ്ക്കുവേണ്ടി ഭൂമി ടി ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ വോളൻററി ഹെൽത്ത് സർവ്വീസ്,മുള്ളൻകുഴി,കോട്ടയം എന്ന യൂണിറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ടി യൂണിറ്റ് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ദ സമിതി പരിശോധിച്ച് ശുപാർശ സമർപ്പിച്ചിട്ടുള്ളതുമാണ്.

ഏകദേശം 100 വർഷത്തോളമായി കടത്ത് നടത്തുന്ന ടി കടവിൽ പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.ടി പദ്ധതിയ്ക്കായി അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാൽ കീഴ്വായ്പൂര്, പരിയാരം കരകളുടെ സമഗ്ര വികസനത്തിന് ഉതകുന്ന ടി പദ്ധതി ഉയർന്ന തലത്തിൽ പൊതുതാല്പര്യ പ്രസക്തമാണ് .

പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതവും അതിൻറെ ലഘൂകരണ നിർദ്ദേശങ്ങളും വിലയിരുത്തുമ്പോൾ സാമൂഹ്യ ആഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. നിലവിൽ യാതൊരു നിർമ്മിതികളും ഭാഗികമായോ പൂർണ്ണമായോ പൊളിച്ച് നീക്കേണ്ടി വരുന്നില്ല എന്നതിനാൽ സാമൂഹ്യ ആഘാതം വളരെ ലഘുവാണ് എന്ന് വിലയിരുത്തുന്നു.

നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കലിലൂടെ ബാധിക്കപ്പെടുന്ന എല്ലാ സ്ഥല ഉടമകൾക്കും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ അക്ററ് 2013 പ്രകാരം നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്ന കാര്യം ഉറപ്പ് വരുത്തുന്നതാണ്.

എൽ.എ.ആർ.ആർ.ആക്റ്റ് 2013 സെക്ഷൻ 8 പ്രകാരം വിദഗ്ദസമിതി ശുപാർശ അംഗീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിലും , സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കാര്യാലയത്തിലും ബന്ധപ്പെട്ട പഞ്ചായത്തിലും , ലാന്റ് അക്വിസിഷൻ കാര്യാലയത്തിലും ജില്ലാ കളക്ടേറ്റിലും പ്രദേശിക ഭാഷയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

ജില്ലാ കളക്ടർ.
പത്തനംതിട്ട.